പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം : 718 28.09.2011 –ൽ മറുപടിക്ക്

**കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും ലഭിക്കുന്ന അധിവർഷാനുകൂല്യം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| *(എ)* : കയർതൊഴിലാളി ക്ഷേമനിധി ബോർഡിൽ ക്ഷേമനിധി അംഗങ്ങളായി ചേർന്നിട്ടുള്ളവർ 60 വയസ്സു പൂർത്തിയായി പിരിഞ്ഞു പോകുമ്പോൾ അധിവർഷാനുകൂല്യം നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; പ്രസ്തുത ആനുകൂല്യം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്നു വിശദീകരിക്കാമോ ; | (എ): നൽകുന്നുണ്ട്. കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായി ചേർന്ന് കുറഞ്ഞത് 5 വർഷം പൂർത്തിയാക്കി 2006 ഏപ്രിൽ 1 ന് ശേഷം 60 വയസ്സ് പൂർത്തിയാക്കി പെൻഷൻ പറ്റുന്നവർക്ക് വിരമിക്കൽ ആനുകൂല്യം നൽകി വരുന്നു. |
| (ബി) : കയർതൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായി പിരിഞ്ഞു പോയിട്ടുള്ള തൊഴിലാളികളിൽ ഏതു വർഷം മുതൽ പിരിഞ്ഞു പോയിട്ടുള്ളവർക്കാണ് അധിവർഷാനുകൂല്യം നൽകുന്നതെന്നു വ്യക്തമാക്കാമോ; | ബി) 01/04/2006 മുതൽ 60 വയസ്സ് പൂർത്തിയാക്കി വിരമിക്കുന്നവർക്കാണ് അധിവർഷാനുകൂല്യം നൽകി വരുന്നത്. |
| *(സി)* 2004-നു ശേഷം പിരിഞ്ഞു പോയവർക്കു മാത്രമേ ഈ ആനുകൂല്യം നൽകാൻ പാടുള്ളൂ എന്ന് തീരുമാനിച്ചിട്ടുണ്ടോ ; ഇതു സംബന്ധിച്ച ഉത്തരവ് നിലവിലുണ്ടോ; അതിന്റെ പകർപ്പ് ലഭ്യമാക്കാമോ ? | (സി) 2004-നു ശേഷം പിരിഞ്ഞു പോയവർക്കു മാത്രമേ ഈ ആനുകൂല്യം നൽകാൻ പാടുള്ളൂ എന്ന് തീരുമാനിച്ചിട്ടില്ല. അങ്ങനെ ഒരു ഉത്തരവ് നിലവിലില്ല. |

സെക്ഷൻ ഓഫീസർ